KIAL/DGM/2025 14.01.2025

# <u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട് ലിമിറ്റഡ്</u>

## <u>ദർഘാസ് പരസ്യം</u>

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കല്ലേരിക്കരയിൽ ഉള്ള Rain Water Harvesting Pond ൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയിൽ അവകാശം നേടുന്നതിനുവേണ്ടി, മത്സര സ്വഭാവമുള്ള ദർഘാസ് ക്ഷണിക്കുന്നു.

ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ നിലവിലെ നിയമങ്ങൾക്കു വിധേയമായി ദർഘാസ് നിബന്ധനകൾ അനുസരിച്ചു മണ്ണ് നീക്കം ചെയ്യേണ്ടതാണ്. **"കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കല്ലേരിക്കരയിൽ ഉള്ള Rain Water Harvesting Pond ൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയിൽ അവകാശം നേടുന്നതിനുവേണ്ടി"** എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ മാനേജിങ് ഡയറക്ടർ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾ കണ്ണൂർ എയർപോർട്ടിന്റെ www.kannurairport.aero എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രത്യേക മുന്നറിയിപ്പ് / കാരണങ്ങൾ കൂടാതെ തന്നെ ദർഘാസ് റദ്ദ് ചെയ്യുന്നതിനും പരിഷ്കരിക്കുന്നതിനും കാരണം കൂടാതെ തന്നെ മാറ്റം വരുത്തുന്നതിന് ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം അതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

- ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി - 15/01/2025 മുതൽ 27/01/2025 വരെ
- ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി - 27/01/2025(ഉച്ചയ്ക്ക് 2.30 വരെ)
- ദർഘാസ് തുറക്കുന്ന തീയ്യതി - 27/01/2025( ഉച്ചയ്ക്ക് 3 മണിക്ക്)
- ദർഘാസ് ഫോറം വില - 590 രൂപ (നികുതി ഉൾപ്പെടെ)
- നിരതദ്രവ്യം - 2500 രൂപ

ഒപ്പ്

മാനേജിങ് ഡയറക്ടർ
കണ്ണൂർ ഇന്റർനാഷണൽ എയർപോർട് ലിമിറ്റഡ്
മട്ടന്നൂർ , കണ്ണൂർ

## ദർഘാസ് വ്യവസ്ഥകൾ

1) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കല്ലേരിക്കരയിൽ ഉള്ള Rain Water Harvesting Pond ൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനായി ഇനി പറയുന്ന നിബന്ധനകളും വ്യവസ്ഥകളും ബാധകമായിരിക്കും.

2) ദർഘാസിൽ **പങ്കെടുക്കുന്നതിന്** നിരതദ്രവ്യം ആയി Rs. 2500/- Kannur International Airport Ltd. ന്റെ പേരിൽ ഏതെങ്കിലും nationalized Bank ന്റെ D.D ദർഘാസ് ഫോറത്തിന്റെ കൂടെ സബ്മിറ്റ് ചെയ്യേണ്ടതാണ്. അല്ലാത്ത ദർഘാസുകൾ സ്വീകാര്യമല്ല.

3) ദർഘാസിൽ ലഭിച്ച ഏറ്റവും കുറഞ്ഞ തുകയ്ക്കായിരിക്കും ദർഘാസ് അവാർഡ് ചെയ്യുക.

4) കരാർ ലഭിച്ച വ്യക്തി പിന്മാറുകയോ പ്രവൃത്തി നടത്താതിരിക്കുകയോ ചെയ്താൽ, തുടർനടപടികളായ റീടെൻഡർ, തൊട്ടടുത്ത കുറഞ്ഞ തുക ക്വാട്ട് ചെയ്ത ആൾക്ക് പ്രവൃത്തി അനുവദിക്കാൻ എന്നീ തീരുമാനങ്ങൾ പൂർണമായും കണ്ണൂർ എയർപോർട്ടിൽ നിക്ഷിപ്തമായിരിക്കും.

5) കരാറിൽ പങ്കെടുക്കുന്ന വ്യക്തിക്ക് പാൻ കാർഡ്, മേൽ വിലാസം, എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. അതിന്ടെ തെളിവുകൾ നൽകേണ്ടതാണ്.

6) കരാർ ഉറപ്പിച്ചു കഴിഞ്ഞാൽ പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 10,000/- രൂപ (Ten Thousand only) അടക്കേണ്ടതാണ്. ഇത് D D ആയാണ് സബ്മിറ്റ് ചെയ്യേണ്ടത്. പ്രവൃത്തി പൂർണമായും തൃപ്തികരമായി പൂർത്തീകരിക്കുന്ന മുറക്ക് ഇത് തിരികെ നൽകുന്നതാണ്.

7) ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി സ്ഥലം സന്ദർശിച്ചു വിവരങ്ങൾ മനസിലാക്കിയിരിക്കേണ്ടതാണ് ഇത് സംബന്ധിച് എന്തെങ്കിലും തർക്കമുണ്ടായാൽ കണ്ണൂർ എയർപോർട്ടിന്റെ തീരുമാനം അന്തിമമായിരിക്കും. അത് ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്.

8) കരാർ നടപ്പിലാക്കുന്ന തീയതി മുതൽ 45 ദിവസമാണ് കരാർ കാലയളവ്.

9) കരാറുകാരൻ കണ്ണൂർ എയർപോർട് നിശ്ചയിച്ച ലൊക്കേഷനിൽ നിന്നു മാത്രമേ മണ്ണ് നീക്കം ചെയ്യാൻ പാടുള്ളു.

10) കരാർ പ്രദേശത്ത് നിന്നല്ലാതെ നിയമവിരുദ്ധമായി മണ്ണ് നീക്കം ചെയ്താൽ കരാറുകാരൻ ഉത്തരവാദിയായിരിക്കും.

11) കല്ലേരിക്കരയിൽ ഉള്ള Rain Water Harvesting Pond ൽ നിന്നാണ് മണ്ണ് നീക്കം ചെയ്യേണ്ടത്. (Sketch enclosed)

12) തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം മുതലായവ മൂലം ഉണ്ടാകുന്ന നഷ്ടം, കരാറുകാരുടെ തൊഴിലാളികളുടെ സമരം, പണിമുടക്ക് മുതലായവ മൂലം ഉണ്ടാകുന്നതോ മറ്റേതെങ്കിലും വിധത്തിൽ ഉണ്ടാകുന്നതുമായ നാശനഷ്ടങ്ങൾക്ക് കണ്ണൂർ എയർപോർട്ട് ഉത്തരവാദികളായിരിക്കുന്നതോ നഷ്ട പരിഹാരങ്ങൾ നല്കുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്കു ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ

നഷ്ടപരിഹാരമോ നൽകുന്നതിനു കണ്ണൂർ എയർപോർട്ടിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.

13) കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസവും ഉണ്ടാകുവാൻ പാടുള്ളതല്ല. മാത്രവുമല്ല നിയമവിധേയവുമല്ലാത്ത പ്രവൃത്തികൾ കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ പ്ലോട്ടുകളിൽ ചെയ്യാൻ പാടുള്ളതല്ല.

14) കരാറുകാരനിൽ നിന്നോ ഏജന്റിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ട് വക സാധനങ്ങൾക്കോ മറ്റു വസ്തുവകകൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കണ്ണൂർ എയർപോർട്ട് നിർദേശിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരന്റെ സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നും വീണ്ടെടുക്കുന്നതാണ്. ഇതിൽ കണ്ണൂർ എയർപോട്ടിന്റെ തീരുമാനം അന്തിമവുമായിരിക്കുന്നതാണ്.

15) കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിര സ്വഭാവമുള്ള നിർമാണ പ്രവർത്തനങ്ങൾ യാതൊന്നും തന്നെ കണ്ണൂർ എയർപോർട്ടിന്റെ ഭൂമിയിൽ നടത്താൻ പാടുള്ളതല്ല.

16) കരാറുകാരന്റെ ജോലിസമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന workmen compensation പൂർണമായും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും.

17) കണ്ണൂർ എയർപോർട്ടും കരാറുകാരനും തമ്മിലുള്ള ആശയവിനിമയം എഴുത്തുകളിലൂടെയാവണം.

18) ദർഘാസുകൾ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ മണ്ണ് നീക്കം ചെയ്യേണ്ടതാണ്.

19) മണ്ണ് നീക്കം ചെയ്യുമ്പോൾ കണ്ണൂർ എയർപോർട്ടിന്റെ സ്ഥലത്ത് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ കരാറുകാരൻ സ്വന്തം ചിലവിൽ പൂർവസ്ഥിതിയിൽ ആക്കേണ്ടതാണ്.

20) കരാറുകാരൻ മണ്ണ് നീക്കം ചെയ്യുമ്പോൾ എയർപോർട്ടിൽ വന്നുപോകുന്ന യാത്രക്കാർക്കോ ജീവനക്കാർക്കോ യാതൊരുവിധ മാർഗ്ഗ തടസ്സവും സൃഷ്ടിക്കരുത്.

21) നീക്കം ചെയ്യുന്ന മണ്ണ് എയർപോർട്ട് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന എയർപോർട്ടിന്റെ സ്ഥലത്ത് 1 KM ചുറ്റളവിനുള്ളിൽ നിക്ഷേപിക്കേണ്ടതാണ്. ബാക്കി മണ്ണ് ഉണ്ടെങ്കിൽ കരാറുകാരന്റെ സ്വന്തം ചിലവിൽ അത് എയർപോർട് ഭൂമിക്കു പുറത്ത് കൊണ്ടുപോകേണ്ടതാണ്.ഇതിനു യാതൊരു അധിക തുകയും ബാധകമായിരിക്കുന്നതല്ല.

22) മണ്ണ് വഹിച്ചുകൊണ്ടുള്ള ടിപ്പർ ഒരു കാരണവശാലും എയർപോർട്ടിന്റെ അകത്തുള്ള യാത്രക്കാർ പോകുന്ന റോഡ് മാർഗം ടോൾ ബൂത്തിൽ കൂടി പോകാൻ പാടില്ലാത്തതാണ്.

23) സമീപവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന രീതിയിൽ അസമയത്തുള്ള പ്രവർത്തി ഒഴിവാക്കേണ്ടതാണ്.

24) കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ അയാളുടെ തൊഴിലാളികളോ പ്രവൃത്തിക്കുന്നതായി കണ്ണൂർ എയർപോര്ടിനു ബോധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ കരാർ റദ്ദാക്കുന്നതിനുള്ള അധികാരം കണ്ണൂർ എയർപോര്ടിനു ഉണ്ടായിരിക്കും. ഇതുമൂലം കണ്ണൂർ എയർപോർട്ടിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക് കരാറുകാരൻ ഉത്തരവാദിയായിരിക്കും. ആയതിനാൽ ടിയാളിൽ നിന്ന് പിഴ ഈടാക്കുന്നതിന് കണ്ണൂർ എയർപോര്ടിനു അർഹത ഉണ്ടായിരിക്കുന്നതുമാണ്.

25) ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ എല്ലാവ്യവസ്ഥകളും അംഗീകരിക്കുന്നതിനായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.

26) ദർഘാസിലോ ഇത് സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ ഏതെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കണ്ണൂർ എയർപോർട്ടിന്റെ മാനേജിങ് ഡയറക്ടർക് അതിൽ തീർപ്പു കല്പിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും. പ്രസ്തുത തീർപ്പു അന്തിമമായിരിക്കുന്നതുമാണ്.

27) ദർഘാസുകൾ കണ്ണൂർ എയർപോർട്ടിന്റെ ഓഫീസിൽ (Kannur International Airport, Mattannur – 670 708) താഴെ പറയുന്ന സമയത്തു സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

28) ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി - 15/01/2025 മുതൽ 27/01/2025 വരെ
29) ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി - 27/01/2025(ഉച്ചയ്ക്ക് 2.30 വരെ)
30) ദർഘാസ് തുറക്കുന്ന തീയ്യതി - 27/01/2025( ഉച്ചയ്ക്ക് 3 മണിക്ക്)

31) ദർഘാസ് ഫോറം വില - 590 രൂപ (Kannur International Ltd ന്റെ പേരിൽ D D ആയി സബ്മിറ്റ് ചെയ്യേണ്ടതാണ്

32) **Payment Terms**

a) പ്രവൃത്തി 50% പൂർത്തീകരിക്കുന്ന മുറക്ക് ചെയ്ത പ്രവൃത്തിയുടെ ബില്ല് സബ്മിറ്റ് ചെയ്യേണ്ടതാണ്. ഈ ബില്ല് തുകയുടെ 75% അപ്പോൾ അനുവദിക്കുന്നതാണ്.

b) ബാക്കി തുക പ്രവൃത്തി എല്ലാ അർത്ഥത്തിലും പൂർത്തീകരിച്ച ശേഷം അനുവദിക്കുന്നതാണ്.

c) GST Registration ഉള്ള കരാറുകാരൻ ആണെങ്കിൽ ഒറിജിനൽ GST invoice സമർപ്പിക്കുന്ന പക്ഷം GST തുക അനുവദിക്കുന്നതാണ്.

33) കരാർ നിയമപ്രകാരം കണ്ണൂർ എയർപോർട്ടിനും കരാറുകാരനുമായി ഏതെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി കണ്ണൂർ /തിരുവനന്തപുരത്തുള്ള കോടതിയിൽ നിക്ഷിപ്തമായിരിക്കും.

34) മേല്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന പക്ഷം ഈ ടെൻഡർ ഏതു സമയത്തും ക്യാൻസൽ ചെയ്യാനും സെക്യൂരിറ്റി ഡെപ്പോസിറ്റ്, ദർഘാസ് തുക എന്നിവ forfeit ചെയ്യാനും റീ- ടെൻഡർ ചെയ്യാനും റവന്യൂ റിക്കവറി നിയമനടപടികൾ നടത്തുന്നതിനും കണ്ണൂർ എയർപോര്ടിനു അധികാരമുണ്ടായിരിക്കും.

35) എയർപോർട്ടിൽ നിന്നും കരാറുകാരൻ കൊണ്ടുപോകുന്ന സാധനങ്ങൾ പരിശോധിക്കാൻ മാനേജിങ് ഡയറക്റ്റർ ചുമതലപ്പെടുതിയിട്ടുള്ള ജീവനക്കാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

36) കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി കരാർ മറിച്ചു കൊടുക്കുവാൻ പാടില്ല.

37) പ്രവൃത്തി പകുതി അല്ലെങ്കിൽ ഒരു ഭാഗം മാത്രം പൂർത്തീകരിച്ചു കരാറുകാരൻ പ്രവൃത്തി നിർത്തി പോയാൽ മറ്റൊരു കരാറുകാരനെ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ആയതു കാരണം കമ്പനിക്ക് വരുന്ന കഷ്ടനഷ്ടങ്ങൾ ആദ്യത്തെ കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

38) ഫിനാൻഷ്യൽ ബിഡിൽ കാണിച്ചിരിക്കുന്ന മണ്ണിന്റെ അളവ് സൂചകമാണ്. യഥാർത്ഥ അളവ് കൂടുതലോ കുറവോ ആകാം. യഥാർത്ഥ അളവ് കരാറുകാരൻ നേരിട്ട് സ്ഥലപരിശോധന നടത്തി ബോധ്യപ്പെടേണ്ടതാണ്

39) കരാറുകാരൻ ഇതിന്റെ കൂടെ ഉൾപ്പെടുത്തിയിട്ടുള്ള അനുബന്ധം – 1 ഉം, 2 ഉം എഴുതി സമർപ്പിക്കേണ്ടതാണ്.

KANNUR
International Airport

**അനുബന്ധം - 1**

## <u>പ്രഖ്യാപനം</u>

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും കണ്ണൂർ എയർപോർട്ടിന്റെ നിബന്ധനകൾ പേജ് 1 മുതൽ പേജ് 5 വരെ പൂർണ്ണമായി വായിച്ചു മനസ്സിലാക്കി അതനുസരിച്ചു അവ പാലിച്ചു കൊള്ളാമെന്നും കരാർ ലഭിക്കുകയാണെങ്കിൽ സ്വന്തം ഉത്തരവാദിത്വത്തിൽ മണ്ണ് നീക്കം ചെയ്തു കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു. മേൽപറഞ്ഞ മണ്ണ് നീക്കം ചെയ്യേണ്ട സ്ഥലം ഞാൻ നേരിൽ കണ്ട് ബോധ്യപ്പെട്ടതാകുന്നു.

സ്ഥലം:
തീയതി:

കയ്യൊപ്പ്

പേരും വിലാസവും

KANNUR International Airport

**അനുബന്ധം - 2**

## ഫിനാൻഷ്യൽ ബിഡ്


1. ടെൻഡർ ചെയ്യുന്ന വ്യക്തിയുടെ പേര് :
2. വിലാസം :
3. ദർഘാസ് ഫോറം വില അടച്ചതിന്റെ വിശദാംശങ്ങൾ :
4. ഡി.ഡി. നമ്പർ &തീയതി :
5. ബാങ്കിന്റെ പേര് :


| ക്രമ നമ്പർ | വിവരണം | യൂണിറ്റ് | തുക (രൂപ) (അക്കത്തിൽ) (excluding GST) | തുക (രൂപ) (അക്ഷരത്തിൽ) (excluding GST) |
|---|---|---|---|---|
| 1. | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കല്ലേരിക്കരയിൽ ഉള്ള Rain Water Harvesting Pond ൽ ഉള്ള മുഴുവൻ മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തി.(As per the Sketch enclosed) (Quantity Approx. 3000 cum/1 lakh cft). | 1 Job | | |

ടെണ്ടർ ചെയ്യുന്നയാളുടെ ഒപ്പ്:

പേരും വിലാസവും:

PRODUCED BY AN AUTODESK EDUCATIONAL PRODUCT




Drawing Title

Plan and details of Kallerikkara rain water harvesting pit

***
This drawing is the property of KIAL & must not be passed on to any person or body not authorised by us to receive it nor be copied or otherwise made us either in full or part by such person or body without our prior permission in writing.

Rain water harvesting pit

All dimensions are indicative only, may vary according to actual site conditions.

| | |
|---|---|
| DRG NO | KIAL/ ENGG/2024/1015 |
| DRAWN | JM(C) I KIAL |
| CHECKED | DM(C) I KIAL |
| APPROVED | KIAL |
| SCALE | NTS |
| DATE | 8-Jan-25 |

KANNUR International Airport Ltd.
Mattannur , Kannur - 670708
Kerala .

PRODUCED BY AN AUTODESK EDUCATIONAL PRODUCT
PRODUCED BY AN AUTODESK EDUCATIONAL PRODUCT
PRODUCED BY AN AUTODESK EDUCATIONAL PRODUCT